റബറിനെ വാരിപുണർന്ന് ബാങ്കോക്ക്

മാർക്കറ്റ് റിവ്യൂ

ജോസഫ് വെണ്ണിക്കുളം

● വിലകുറയ്ക്കാനുള്ള ടയർ കമ്പനികളുടെ തന്ത്രം പാളി

ഇറക്കുമതി പ്രചരിപ്പിച്ച് റബർ വില കുറയ്ക്കാനുള്ള ടയർ കമ്പനികളുടെ തന്ത്രം കഴിഞ്ഞ വാരം പൊളിഞ്ഞു. ബാങ്കോക്കിൽ ആർ.എസ്.എസ്-4ന് കിലോ 15 രൂപ കുതിച്ചു കയറിയതോടെയാണ് വൻകിട ടയർ കമ്പനികൾ കൊച്ചിയിൽ റബർ കിലോ രണ്ടു രൂപ വില ഉയർത്താൻ നിർബന്ധിതരായി. രാജ്യാന്തര വിപണിയിൽ റബർ വിലയിലെ കയറ്റം ടയർ കമ്പനികൾക്ക് തിരിച്ചടിയായി.

ഒരുലക്ഷം ടൺ റബർ ഇറക്കുമതി ചെയ്യുമെന്നാണ് ടയർ കമ്പനികളുടെ പ്രചരണം. ബാങ്കോക്കിൽ തയാർ നിരക്കിൽ വില കുതിച്ചതോടെയാണ് വൻകിട ടയർ കമ്പനികൾ ചെറുതായി വില ഉയർത്തിയത്. കഴിഞ്ഞതിന്റെ തലേവാരം കിലോ 12 രൂപ ടയർ കമ്പനികൾ വില കുറച്ചിരുന്നു. അവധിവിലകളിൽ ചൈന 172-ൽനിന്ന് 176,ടോക്കിയോ 189-ഇൽനിന്ന് 203 രൂപയായും ബാങ്കോക് 201-ൽനിന്ന് 216 രൂപയായും വില ഉയർത്തി.

വിട്ടുമാറാത്ത മഴയും ഉത്പാദനക്കുറവും ബാങ്കോക്കിലെ വിലക്കയറ്റവും കണക്കിലെടുത്ത് വരും ദിവസങ്ങളിൽ റബർ വില കൂടുമെന്ന പ്രതീക്ഷയിലാണ് കർഷകർ.

വാരാന്ത്യവില ആർ.എസ്.എസ്-4-ന് കിലോ 236 രൂപ. ആർ.എസ്.എസ്- 5-ന് 231 രൂപ. വാരാന്ത്യം വ്യാപാരം നിർത്തിയിട്ടും വിലകുറച്ചാണ് ടയർക്കമ്പനികൾ ആവശ്യപ്പെടുന്നത്.

കറുത്തപൊന്നിനു തൊട്ടതെല്ലാം പിഴച്ചു

ശ്രീലങ്കയിൽനിന്നും ഇറക്കുമതി ചെയ്ത മുളകും ഉത്തരേന്ത്യയിൽ വ്യാപകമായി വിൽപ്പന തുടങ്ങിയതോടെ കൊച്ചിയിൽ കുരുമുളകിന് വീണ്ടും വില തകർച്ച തുടർന്നു. കഴിഞ്ഞ ആഴ്ചയിൽ കിലോ 6 രൂപ കുറഞ്ഞു. മൂന്ന് ആഴ്ചയ്ക്കിടയിൽ കർഷകർക്ക് നഷ്ടക്കച്ചവടം. കിലോ 14 രൂപ കുറഞ്ഞു. ഉത്സവ സീസൺ തുടങ്ങിയെങ്കിലും ഉത്തരേന്ത്യയിൽനിന്നു ഡിമാൻഡ് ഇല്ല. ജലാംശം കുറഞ്ഞതും പുപ്പൽ ഇല്ലാത്തതും സാന്ദ്രത കൂടിയതുമായ മുളകിനാണ് കൊച്ചിയിൽ ഡിമാൻഡ് ഉള്ളത്. ഇറക്കുമതി ചെയ്ത മുളക് ഗുണനിലവാരം ഉണ്ടെന്ന് പ്രചരിപ്പിച്ച് ഇറക്കുമതിക്കാർ വിൽക്കാൻ ശ്രമം തുടങ്ങി. ഇറക്കുമതിക്കാർക്ക് സാമ്പത്തിക ഞെരുക്കം വന്നതോടെ ചെറിയതോതിലും കൊച്ചി വിലയേക്കാൾ കിലോ 20 മുതൽ 25 രൂപ വരെ വിലകുറച്ചാണ് വിൽപ്പന. കുരുമുളകിന് ലോകത്ത് ഒരിടത്തും ഇല്ലാത്ത വിലയാണ് ഇന്ത്യയിൽ എന്നത് ലോക രാഷ്ട്രങ്ങൾക്കറിയാം. കേന്ദ്രസർക്കാർ കഴിഞ്ഞ ഒന്നിന് സുഗന്ധവ്യഞ്ജനങ്ങളുടെ 16 ഇനം പട്ടിക പുറത്തിറക്കിയിരുന്നു. നീക്കിയിരിപ്പ് കണക്കാക്കാനും വിലനിലവാരങ്ങളും ഒക്കെയാണ് കേന്ദ്രസർക്കാർ ലക്ഷ്യമിടുന്നത്. അത്യാവശ്യം ഉപയോഗിക്കുന്ന ഇനങ്ങളിൽ കുരുമുളകും ഉൾപ്പെടുത്തി. ഭാവിയിൽ ഇന്ത്യൻ കുരുമുളകിന് മറ്റ് ഉത്പാദക രാജ്യങ്ങളേക്കാൾ വിലകുറക്കാനുള്ള തന്ത്രമാണ് കേന്ദ്രസർക്കാർ നടപടിയെന്ന് കർഷകരും കയറ്റുമതിക്കാരും വ്യാപാരികളും ആരോപിക്കുന്നുണ്ട്. ഇതിനൊക്കെ പുറമേ വൻകിട വ്യവസായികൾ സുഗന്ധവ്യജ്ഞന മേഖലയിൽ ചുവടുറപ്പിക്കാൻ ശ്രമം തുടങ്ങിയിട്ടുണ്ട്.

അവർക്കു വേണ്ടിയാണ് കേന്ദ്രസർക്കാർ സുഗന്ധവ്യജ്ഞനങ്ങളുടെ ആദ്യ പട്ടികയിൽ കുരുമുളക് ഉൾപ്പെടുത്തിയത്. ഇത് കർഷകരിൽ ആശങ്ക വരുത്തിയിട്ടുണ്ട്. വൻകിട വ്യാപാരികൾ വരുന്നതോടെ ഇന്ത്യയിൽ കുരുമുളക് വില കുത്തനെ കുറയുമെന്ന ആശങ്കയും കർഷകർക്ക് ഇടയിൽ ഉണ്ട്. ഉരുൾപൊട്ടൽ ആശങ്കയെ തുടർന്ന് ഹൈറേഞ്ച് മേഖലകളിൽ നിന്ന് സുരക്ഷിത സ്ഥലം എന്ന് കണ്ടെത്തി സൂക്ഷിക്കാൻ കൊച്ചിയിലേക്ക് കുരുമുളക് വന്നു തുടങ്ങി.

കൊച്ചിയിൽ കഴിഞ്ഞവാരം 171 ടൺ കുരുമുളക് വില്പനയ്ക്ക് എത്തി. മുൻ വാരത്തെ അപേക്ഷിച്ച് രണ്ട് ടൺ കൂടുതൽ. കയറ്റുമതി നിരക്ക് കുരുമുളക് ടണ്ണിന് ഇന്ത്യ 8100 ഡോളർ.ശ്രീലങ്ക 6700, വിയറ്റ്നാം 7000, ബ്രസീൽ 6800, ഇന്തോനീഷ്യ 7500 ഡോളർ. വാരാന്ത്യ വില കൊച്ചി കുരുമുളക് അൺഗാർബിൾഡ് കിലോ 644 രൂപ. ഗാർബിൾഡ് 664 രൂപ. പുതിയത് 634 രൂപ.പുതിയത് 634 രൂപ.

സ്വർണം 'മുത്തല്ലേ'

രാജ്യാന്തര വിപണിയിലെകയറ്റത്തിന് ചുവടുപിടിച്ച് ആഭ്യന്തര വിപണിയിൽ സ്വർണവില ഉയർന്നു. ന്യൂയോർക്ക് സിറ്റിയിൽ സ്വർണം ഔൺസിന് 6 ഡോളർ വില കൂടിയപ്പോൾ ആഭ്യന്തര വിപണിയിൽ സ്വർണം പവന് 200 രൂപ വിലകൂടി. രാജ്യാന്തര വില സ്വർണം ഔൺസിന് 2512 ഡോളർ.ആഭ്യന്തര വില പവന് 53560 രൂപ. വിനിമയ നിരക്കിൽ ഡോളറിനു മുന്നിൽ രൂപ തലകുത്തി വീണു.

രൂപയ്ക്ക് 29 പൈസ നഷ്ടം. 83.61 ൽനിന്ന് 83.90 ആയി രൂപ ദുർബലപ്പെട്ടു.

വെളുക്കെ 'ചിരിച്ച്' വെളിച്ചെണ്ണ

ഓണക്കിറ്റിൽ വെളിച്ചെണ്ണ ഉൾപ്പെടുത്തിയതോടെ വെളിച്ചെണ്ണ, കൊപ്ര, പാമോയിൽ വില കൂടി. ഓണക്കിറ്റിൽ വെളിച്ചെണ്ണ ഉൾപ്പെടുത്തിയതോടെ വില കൂടുമെന്ന് മംഗളം കഴിഞ്ഞ് മാർക്കറ്റ് റിവ്യൂ റിപ്പോർട്ട് ചെയ്തിരുന്നു. വെളിച്ചെണ്ണ പാമോയിൽ ലിറ്ററിന് രണ്ട് രൂപ വീതവും കൊപ്രയ്ക്ക് കിലോ ഒരു രൂപയും വില കൂടി. വെളിച്ചെണ്ണ മില്ലിങ് ലിറ്ററിന് 170 രൂപ.

തയാർ 165 രൂപ. കൊപ്ര കിലോ തെളിവ് 106 രൂപ. ഓടെ 104 രൂപ. മലേഷ്യയിൽനിന്ന് പാമോയലിന്റെ ഇറക്കുമതി കുറഞ്ഞതോടെ 94 രൂപയിൽനിന്ന് 96രൂപയായി വിലകൂടി. പാമോയിൽ ന് ഡിമാൻഡ് ഉള്ളതുകൊണ്ട് ലിറ്ററിന് 100 രൂപ കടന്നേക്കും.മലേഷ്യയിൽനിന്നുള്ള പാമോയിൽ ഇറക്കുമതി തോത് കുറഞ്ഞു വരികയാണ്.കൊച്ചിയിൽ കഴിഞ്ഞവാരം 37000 ലിറ്റർ വെളിച്ചെണ്ണയുടെ മൊത്ത വ്യാപാരം നടന്നു. വിൽപ്പനയ്ക്ക് തേയില വരവ് കുറവായിരുന്നെങ്കിലും ഓണ ഡിമാന്റിൽ വില കുതിച്ചു കയറി.

തേയിലയിൽ 'തേനൂറി'

വലിയതോതിൽ ഉപയോഗിക്കുന്ന സിടിസി പൊടിത്തേയില കിലോ 15 രൂപ വിലകൂടി. ഇലത്തേയില കിലോക് 12 രൂപ വില കൂടി. ഇലത്തേയില 169000 കിലോയും പൊടിത്തേയില 566000 കിലോയും ലേലത്തിൽ വില്പനയ്ക്ക് എത്തി..

ഫെഫ്ക മൂന്നുദിവസത്തെ യോഗം വിളിച്ചു

തിരുവനന്തപുരം: ഹേമ കമ്മിറ്റി റിപ്പോർട്ട് ചർച്ചചെയ്യാൻ മൂന്ന് ദിവസത്തെ യോഗംവിളിച്ച് സിനിമയിലെ സാങ്കേതിക പ്രവർത്തകരുടെ സംഘടനയായ ഫെഫ്ക. അടുത്ത ശനിയാഴ്ച മുതൽ യോഗം ആരംഭിക്കും. വിവിധ യൂണിയനുകളുടെ സെക്രട്ടറിമാർക്ക് യോഗംസംബന്ധിച്ച കത്തും കൈമാറിയിട്ടുണ്ട്.

റിപ്പോർട്ട് വന്നതിന് പിന്നാലെ ഫെഫ്കയുടെ പ്രതികരണമൊന്നും പുറത്തുവരാത്തതിനെ തുടർന്ന് വിമർശനങ്ങളുയർന്നിയിരുന്നു. ഇതോടെയാണു ഫെഫ്ക യോഗംചേരുന്നതുമായി ബന്ധപ്പെട്ട റിപ്പോർട്ടുകൾ പുറത്തുവരുന്നത്.

വിപണിയിൽ പിരിമുറുക്കം, പ്രതീക്ഷകൾ



ഓഹരി റിവ്യൂ

കെ.ബി. ഉദയഭാനു

ഫ്യൂച്ചേഴ്സ് ആൻഡ് ഓപ്ഷൻസ് സെറ്റിൽമെന്റ് അടുത്തതോടെ ഓഹരി വിപണിയിൽ ഊഹക്കച്ചവടക്കാർ അൽപ്പം പിരിമുറുക്കത്തിലാണ്. വിൽപ്പനയ്ക്ക് മുൻതൂക്കം നൽകിയിരുന്നു വിദേശ ധനകാര്യ സ്ഥാപനങ്ങൾ വാരത്തിന്റെ രണ്ടാം പകുതിയിൽ ചുവടുമാറ്റി ചവിട്ടി തുടങ്ങിയത് മുന്നേറ്റ സാധ്യതകൾക്ക് ശക്തി പകരാം. ഫണ്ടുകൾ റോൾ ഓവറിന് മുതിർന്നാൽ ഊഹക്കച്ചവടക്കാർ കൂടുതൽ സമ്മർദത്തിലാവും. ഓഗസ്റ്റ് സീരീസ് സെറ്റിൽമെന്റ് ഈ വാരമാണ്. ബോംബെ സെൻസെക്സ് 650 പോയിന്റും നിഫ്റ്റി 282 പോയിന്റും പ്രതിവാര നേട്ടത്തിലാണ്. ബുൾ ഓപ്പറേറ്റർമാരുടെ തിരിച്ചുവരവ് ശുഭസൂചനയെന്ന് പ്രദേശിക നിക്ഷപകർ. ആഭ്യന്തര ധനകാര്യസ്ഥാപനങ്ങൾ കഴിഞ്ഞവാരം 13,000 കോടി രൂപ നിക്ഷേപിച്ചു.

നിഫ്റ്റി തിളങ്ങി

നിഫ്റ്റിയിൽ മുൻനിര ഓഹരിയായ ഡോ:റെഡീസ്, സൺ ഫാർമ, ടാറ്റാ സ്റ്റീൽ, എച്ച്.യു.എൽ, ഇൻഡസ് ബാങ്ക്, ഐ.സി.ഐ.സി.ഐ ബാങ്ക്, എസ്.ബി.ഐ, മാരുതി, ടാറ്റാ മോട്ടോഴ്സ്, എൽ ആൻഡ് റ്റി, ആർ.ഐ.എൽ, എയർടെൽ ഇൻഫോസീസ്, ടി.സി.എസ് ഓഹരി വിലകൾ ഉയർന്നു. വിദേശഫണ്ടുകൾ ഇടപാടുകൾ നടന്ന ആദ്യ മൂന്ന് ദിവസങ്ങളിൽ 2524 കോടി രൂപയുടെ ബാധ്യതകൾ വിറ്റുമാറിയെങ്കിലും തുടർന്നുള്ള രണ്ട് ദിവസങ്ങളിൽ അവർ 3316 കോടി രൂപയുടെ നിക്ഷേപത്തിന് മത്സരിച്ചു. ഇന്ത്യൻ മാർക്കറ്റിൽ ആഭ്യന്തര മ്യൂചചൽ ഫണ്ടുകൾക്ക് സ്വാധീനം വർധിക്കുകയാണ്. പിന്നിട്ടവാരം അവർ മൊത്തം 13,020 കോടി രൂപയുടെ ഓഹരികൾ ശേഖരിച്ചു. ഇതോടെ ഈ മാസത്തെ അവരുടെ മൊത്തം നിക്ഷേപം 47,080 കോടി രൂപയായി. വിദേശ ഓപ്പറേറ്റർമാർ ഓഗസ്റ്റിൽ ഇതിനകം 30,586 കോടി രൂപയാണ് വിപണിയിൽനിന്നും പിൻവലിച്ചത്.

പ്രതീക്ഷയിൽ സെൻസെക്സ്

സെൻസെക്സ് 80,436 പോയിന്റിൽനിന്നും അൽപ്പം തളർച്ചയോടെയാണ് ഇടപാടുകൾക്ക് തുടക്കം കുറിച്ചതെങ്കിലും പിന്നീട് വിപണി കാണിച്ച മികവിൽ 80,994 ലെ പ്രതിരോധം കടന്ന് 81,238 വരെ സഞ്ചരിച്ചു. വെള്ളിയാഴ്ച്ച മാർക്കറ്റ് ക്ലോസിങ്ങിൽ സൂചിക 81,086 പോയിന്റിലാണ്. ഈ വാരം വിപണിക്ക് 81,438-81,791 പോയിന്റുകളിൽ പ്രതിരോധം നേരിടാം. ഫണ്ടുകൾ ലാഭമെടുപ്പിന് രംഗത്ത് ഇറങ്ങിയാൽ സൂചിക 80,532 79,979 റേഞ്ചിലേക്ക് തിരുത്തൽ കാഴ്ച വെക്കാം.

ഊഹക്കച്ചവടക്കാരുടെ നീക്കം നിർണായകം

നിഫ്റ്റി സൂചിക ഒരിക്കൽ കൂടി 25,000 പോയിന്റിന് മുകളിൽ ഇടം കണ്ടെത്താനുള്ള ശ്രമത്തിലാണ്. കഴിഞ്ഞവാരത്തിലെ 24,541 പോയിന്റിൽനിന്നും ആദ്യ കുതിപ്പിൽ തന്നെ 24,698 ലെ പ്രതിരോധം തകർത്ത് സൂചിക വാരാവസാനം 24,865 വരെ ഉയർന്ന ശേഷം വ്യാപാരാന്ത്യം 24,823 പോയിന്റിലാണ്. വിപണിയുടെ ചലനങ്ങൾ വീക്ഷിച്ചാൽ 24,951 ൽ ആദ്യ പ്രതിരോധം മറികടന്നാൽ 25,078 ലെ റെക്കോഡ് മേഖലയിൽ അൽപ്പം പ്രതിസന്ധികളെ അഭിമുഖീകരിക്കാൻ ഇടയുണ്ടെങ്കിലും അവിടം കടന്നാൽ നിഫ്റ്റിയെ 25,095 പോയിന്റ് വരെ ഉയരാം. ഈ വാരം 24,609-24,395 പോയിന്റിൽ താങ്ങ് പ്രതീക്ഷിക്കാം. വ്യാഴാഴ്ച്ച നടക്കുന്ന ഓഗസ്റ്റ് സീരീസ് സെറ്റിൽമെന്റ് നടക്കുന്നതിന്റെ മുന്നോടിയായി ഊഹക്കച്ചവടക്കാർ കവറിങ് നീക്കം നടത്തിയാൽ വൻ ചാഞ്ചാട്ട സാധ്യത.

ക്രൂഡ് ഓയിലിന് തളർച്ച

രാജ്യാന്തര വിപണിയിൽ ക്രൂഡ് ഓയിലിന് തളർച്ച. പശ്ചിമേഷ്യൻ സംഘർഷാവസ്ഥയ്ക്ക് അയവുകണ്ടത് എണ്ണ വിലകുറയാൻ ഇടയാക്കി. വാരാരംഭത്തിൽ 79.65 ഡോളറിൽനിന്നും 76.65 ലേക്ക് ഇടിഞ്ഞ ക്രൂഡ് ഓയിൽ വില വാരാന്ത്യം 79 ഡോളറിലാണ്. സാമ്പത്തിക മേഖലയെ ബാധിച്ച പ്രതിസന്ധി മൂലം എണ്ണ വിപണിക്ക് 80 ഡോളറിന് മുകളിൽ പിടിച്ച് നിൽക്കാനാവുന്നില്ല. രാജ്യാന്തര വിപണിയിൽ സ്വർണ വില ട്രോയ് ഔൺസിന് 2506 ഡോളറിൽനിന്നും 2527 ഡോളറിലെ പ്രതിരോധം തകർത്ത് 2532 ഡോളർ വരെ കയറി ഇടപാടുകൾ നടന്നു.

സ്വർണത്തിൽ വർണകാഴ്ചകൾ

മാർക്കറ്റ് ക്ലോസിങ്ങിൽ സ്വർണവില 2512 ഡോളറിലാണ്. യു.എസ് ഫെഡ് റിസർവ് മേധാവി അടുത്ത മാസം നടക്കുന്ന യോഗത്തിൽ പലിശ നിരക്കുകളിൽ ഇളവുകൾ പ്രഖ്യാപിക്കുമെന്ന സൂചന ഫണ്ടുകളെ ഡോളർ വിറ്റ് സ്വർണത്തിൽ നിക്ഷപത്തിന് പ്രേരിപ്പിക്കാം.

റിയൽ എസ്റ്റേറ്റ് നിക്ഷേപവും ആദായ നികുതിയും

■ ജിബിൻ ജോൺ

പണ്ടുകാലം തൊട്ട് സ്ഥലം വാങ്ങുക എന്നത് വളരെ റിസ്ക് കുറഞ്ഞ ഒരു നിക്ഷേപം ആയിട്ടാണ് കണ്ടുവരുന്നത്. എന്നാൽ കഴിഞ്ഞ ഏതാനും വർഷങ്ങളായി മറ്റു നിക്ഷേപങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ റിയൽ എസ്റ്റേറ്റ് നിക്ഷേപത്തിൽനിന്നു കാര്യമായ മെച്ചം ലഭിക്കുന്നില്ല എന്നാണു കാണുന്നത്. പ്രാദേശികമായി ഉണ്ടാകുന്ന ചില വികസന പ്രവർത്തനങ്ങൾ ആ പ്രദേശത്തിന്റെ സ്ഥലവിലയിലും കാര്യമായ മാറ്റങ്ങൾ ഉണ്ടാക്കാൻ സാധ്യതയുണ്ട്. ഇത്തരം സാഹചര്യത്തിൽ നിക്ഷേപകർക്ക് പ്രതീക്ഷിച്ചതിലും ഉപരിയായ ലാഭം നിക്ഷേപത്തിൽ നിന്ന് ഉണ്ടാക്കാൻ സാധിച്ചിട്ടുണ്ടാകും. എന്നാൽ ഇത്തരത്തിൽ ഭൂമിയുടെ വിലയിൽ മാറ്റം വന്നാൽ തന്നെ നേരത്തെ ഉണ്ടായിരുന്ന പോലുള്ള ക്രയവിക്രയങ്ങൾ നടക്കുന്നില്ല എന്നത് യാഥാർത്ഥ്യമാണ്. അതുകൊണ്ടുതന്നെ ഇത്തരം നിക്ഷേപങ്ങൾ ആവശ്യസമയത്ത് പണമാക്കി മാറ്റാൻ ബുദ്ധിമുട്ടാണ്. ഇതു റിയൽ എസ്റ്റേറ്റ് നിക്ഷേപത്തിൽനിന്നു നിക്ഷേപകരെ അകറ്റിനിർത്തുന്ന ഒരു ഘടകമാണ്.

വിവിധ സർക്കാർ പോളിസികൾ റിയൽ എസ്റ്റേറ്റ് നിക്ഷേപത്തെ ഗുണകരമായും ദോഷകരമായും ബാധിച്ചിട്ടുണ്ട്. ഇനി വസ്തു വിൽപ്പന വഴി ലഭിക്കുന്ന ലാഭവിഹിതത്തിന്റെ നികുതി കണക്കാക്കുന്നത് എങ്ങനെ എന്ന് നോക്കാം. ഈ വർഷം ധനമന്ത്രി അവതരിപ്പിച്ച ബജറ്റിൽ വസ്തുവിൽപ്പന വഴി ലഭിക്കുന്ന ലാഭത്തിനു നികുതി ഘടനയിൽ മാറ്റം വരുത്തിയിട്ടുണ്ട്. ഇതു പ്രകാരം ഇൻഡക്സേഷൻ ആനുകൂല്യം ഒഴിവാക്കി ദീർഘകാല നിക്ഷേപങ്ങൾക്ക് 12.5% നികുതി കണക്കാക്കാൻ നിർദേശിച്ചു. എന്നാൽ തുടർന്നുള്ള ചർച്ചകളുടെ അടിസ്ഥാനത്തിൽ 2024 ജൂലൈ 23ന് മുമ്പ് വാങ്ങിച്ച വസ്തുക്കൾക്ക് ഇൻഡക്സേഷൻ ആനുകൂല്യം എടുത്ത ശേഷമുള്ള നികുതിയും പുതിയ രീതിയിലുള്ള നികുതിയും കണക്കാക്കി നികുതിദായകന് ഏതാണോ കൂടുതൽ മെച്ചം ആ രീതി തെരഞ്ഞെടുക്കാവുന്നതാണ്. ഇത് ഒരു വിഭാഗം ആളുകൾക്ക് ആശ്വാസകരമാകും എന്നതിൽ തർക്കമില്ല. പുതിയ നിയമപ്രകാരം 24 മാസത്തിൽ കൂടുതൽ കൈവശം വച്ച വസ്തു വിൽക്കുമ്പോൾ ഇൻഡക്സേഷൻ ആനുകൂല്യം ഇല്ലാതെ 12.5 ശതമാനമോ, ഇൻഡക്സേഷൻ ആനുകൂല്യം എടുത്ത ശേഷം 20% നിരക്കിലോ നികുതി കണക്കാക്കിയ ശേഷം ഏതാണോ മെച്ചം അത് നികുതിദായകന് തിരഞ്ഞെടുക്കാം.

50 ലക്ഷം രൂപ വരെയുള്ള ലാഭം 54ഇസി ബോണ്ടിൽ ആറുമാസത്തിനുള്ളിൽ നിക്ഷേപിച്ചാൽ പൂർണമായും നികുതി ഒഴിവാക്കാം. അതല്ല എങ്കിൽ അടുത്ത ഒരു വർഷത്തിനുള്ളിൽ ഒരു വസ്തു വാങ്ങുകയോ രണ്ടു വർഷത്തിനുള്ളിൽ വീട് പണിയുകയോ ചെയ്താൽ നികുതിയിളവ് നേടാനാകും. വസ്തു വാങ്ങുന്നത് ഒരു നിക്ഷേപമായി കാണുമ്പോൾ പ്രധാനമായും നോക്കേണ്ടത് ഈ നിക്ഷേപം എത്രനാൾ കൊണ്ട് പണമാക്കി മാറ്റാൻ സാധിക്കും എന്നാണ്. ജീവിതലക്ഷ്യങ്ങൾ മുന്നിൽകണ്ടാണ് ഇത്തരം നിക്ഷേപം നടത്തുന്നത് എങ്കിൽ നിശ്ചിത സമയത്തിനുള്ളിൽ തന്നെ പണമാക്കി മാറ്റാനുള്ള നടപടികൾ മുൻകൂട്ടിയെടുക്കാൻ ശ്രദ്ധിക്കണം. മറ്റു നിക്ഷേപങ്ങളുടെ കൂട്ടത്തിൽ ചെറിയ ഒരു ഭാഗം മാത്രം റിയൽ എസ്റ്റേറ്റ് നിക്ഷേപത്തിന് മാറ്റിവയ്ക്കുന്നതാവും ഉചിതം.

GEOJIT
PEOPLE YOU PROSPER WITH

പാകിസ്താനിൽ ബസ് അപകടങ്ങൾ: 44 മരണം

റാവൽപിണ്ടി: പാകിസ്താനിൽ രണ്ട് വ്യത്യസ്ത ബസ് അപകടങ്ങളിലായി 44 പേർ മരിച്ചു. ഇറാനിലേക്ക് കടക്കാൻ ശ്രമിച്ച 12 തീർഥാടകരും മരിച്ചവരിൽ ഉൾപ്പെടുന്നുവെന്ന് രക്ഷാപ്രവർത്തകർ അറിയിച്ചു.

ടെലഗ്രാം സി.ഇ.ഒ. പവേൽ ഡുറോവ് ഫ്രാൻസിൽ അറസ്റ്റിൽ

●പവേൽ ഡുറോവ്

പാരീസ്: ടെലഗ്രാം മെസേജിങ് ആപ്ലിക്കേഷന്റെ സ്ഥാപകനും സി.ഇ.ഒയുമായ പവേൽ ഡുറോവ് അറസ്റ്റിൽ. അദ്ദേഹത്തെ പാരീസിനു സമീപമുള്ള ബൂർഗെറ്റ് വിമാനത്താവളത്തിൽ നിന്നാണ് അറസ്റ്റ് ചെയ്തതെന്നു ഫ്രഞ്ച് പ്രാദേശിക മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തു.

വാട്ട്സ്ആപ്പ്, ഇൻസ്റ്റാഗ്രാം, ടിക് ടോക്ക്, വിചാറ്റ് തുടങ്ങിയ മറ്റ് സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകളുമായി മത്സരിക്കുന്ന മെസേജിങ് ആപ്ലിക്കേഷനായ ടെലഗ്രാമിന്റെ സ്ഥാപകനും ഉടമയുമാണു റഷ്യൻ വംശജനായ ഡുറോവ്(39). ഒരു വർഷത്തിനുള്ളിൽ 100 കോടി സജ്ജീവ പ്രതിമാസ ഉപയോക്താക്കളാണു ടെലഗ്രാമിന്റെ ലക്ഷ്യം. റഷ്യ, യുക്രൈൻ, മുൻ സോവിയറ്റ് യൂണിയന്റെ റിപ്പബ്ലിക്കുകൾ എന്നിവിടങ്ങളിൽ ടെലഗ്രാം സജ്ജീവ സാന്നിധ്യമാണ്. 1550 കോടി ഡോളറാണ് ഡുറോവിന്റെ ആസ്തി. 2014 ൽ റഷ്യൻ സർക്കാരിനോട് ഇടഞ്ഞാണ് അദ്ദേഹം രാജ്യംവിട്ടത്.

അസറ്റ് റീകൺസ്ട്രക്ഷൻ കമ്പനി (ഇന്ത്യ) ലിമിറ്റഡ്., (ആർസിൽ)
Arcil Premier ARC
എം./എസ്.പാർത്ഥസ് ടെക്സ്റ്റൈൽസുമായി ബന്ധപ്പെട്ട സാമ്പത്തിക ആസ്തികളുടെ ട്രസ്റ്റിന്റെ ട്രസ്റ്റി എന്ന നിലയിൽആർസിൽഎസ്ബിപിഎസ്-008-III അതിന്റെ ശേഷിയിൽ പ്രവർത്തിക്കുന്നു
ആർസിൽ ഓഫീസ്: ടി റൂബി, പത്താം നില, 29, സേനാപതി ബാപത് മാർഗ്, ദാദർ (പടിഞ്ഞാറ്), മുംബൈ400 028
വെബ്സൈറ്റ്: www.arcil.co.in \ CIN-U65999MH2002PLC134884

ഓൺലൈനിൽ സ്ഥാവര സ്വത്തുക്കൾ വിൽക്കുന്നതിനുള്ള പൊതു ഇ-ലേല വിൽപന നോട്ടീസ്

സെക്യൂരിറ്റൈസേഷൻ ആൻഡ് റീകൺസ്ട്രക്ഷൻ ഓഫ് ഫിനാൻഷ്യൽ അസറ്റ്സ് ആൻഡ് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇന്ററസ്റ്റ് ആക്ട് 2002 (സർഫാസി ആക്ട്), 2002ലെ സെക്യൂരിറ്റി ഇന്റസ്റ്റ് (എൻഫോഴ്സ്മെന്റ്) റൂൾസിലെ റൂൾ 6,8,9 വ്യവസ്ഥ പ്രകാരം നൽകിയിട്ടുള്ള അധികാരങ്ങൾ വിനിയോഗിച്ച്

പൊതുവെ പൊതുജനങ്ങൾക്കും വായ്പക്കാർ (ജാമ്യക്കാർ) / പണയക്കാർ എന്നിവർക്കു പ്രത്യേകിച്ചും ഈ നോട്ടീസ് മുഖേ നൽകുന്ന അറിയിപ്പ്, താഴെ വിവരിച്ചിരിക്കുന്ന പണയം വെച്ച/ഈടു നൽകിയിട്ടുള്ള സ്ഥാവരജംഗമ സ്വത്തുക്കൾ/അസറ്റ് റീകൺസ്ട്രക്ഷൻ കമ്പനി (ഇന്ത്യ) ലിമിറ്റഡ്, ആർസിലിന്റെ ട്രസ്റ്റിയായി പ്രവർത്തിക്കുന്നു - ആർസിൽ-എസ്ബിപിഎസ്-008-III ട്രസ്റ്റ് ("ആർസിൽ") (സൗത്ത് ഇന്ത്യൻ ബാങ്ക് 2021 സെപ്തംബർ 28 ലെ രജിസ്റ്റർ ചെയ്ത അഡ്രസിമെന്റ് ഉടമ്പടി പ്രകാരം ആർസിലിന് സാമ്പത്തിക ആസ്തി നൽകിയതിന് അനുസൃതമായി, മാൻഡേറ്റ് ഇലക്ലത്തിലൂടെ 'എവിടെയുള്ളതിലെന്നുമുവോ അതുപോലെ എന്നതാണോ അതുപ്രകാരം, വിജ്ഞാപനപ്പെടുത്തിയ വ്യവസ്ഥപ്രകാരം നിലവിലുള്ള കുടിശിക, തുടർ പലിശ, ചാർജുകൾ, ചെലവുകൾ മുതലായവ ഈടാക്കുന്നതിന് ചുവടെ വിശദമായി വിവരിച്ചിരിക്കുന്ന വ്യവസ്ഥപ്രകാരം 2002 ലെ സെക്യൂരിറ്റി ഇന്റസ്റ്റ് (എൻഫോഴ്സ്മെന്റ്) റൂൾസിന്റെ 6, 8, 9 ചട്ടങ്ങൾപ്രകാരവും 2002 ലെ സെക്യൂരിറ്റൈസേഷൻ ആൻഡ് റീകൺസ്ട്രക്ഷൻ ഓഫ് ഫിനാൻഷ്യൽ അസറ്റ്സ് ആൻഡ് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇന്റസ്റ്റ് ആക്ട് വ്യവസ്ഥകൾ അനുസരിച്ച് വിൽക്കുന്നതായിരിക്കും.

വായ്പക്കാരന് പേര്	എം./എസ്. പാർത്ഥസ് ടെക്സ്റ്റൈൽസ് വിലാസം: പിന്നി നമ്പർ 1774, എറണാകുളം, കേരളം- 682016
ജാമ്യക്കാരുടെ / സഹവായ്പക്കാരുടെ / പണയക്കാരുടെ പേര്	1. ശ്രീ. കെ എൻ രാജേന്ദ്രൻ റെഡ്ഡിയാർ (ജാമ്യക്കാരൻ) 2. ശ്രീമതി. ഷൈമള മോഹൻരാജ് (ജാമ്യക്കാരൻ) 3. ശ്രീമതി ശ്രീവള്ളി രാജേന്ദ്രൻ (ജാമ്യക്കാരൻ) 4. ശ്രീമതി. ശ്രീദേവി ശിവകുമാർ (ജാമ്യക്കാരൻ) 5. ലക്ഷ്മൺകുമാർ വിനയമോഹൻ ആർ. (ജാമ്യക്കാരൻ) 6. ശ്രീ. പ്രവിൻരാജ് രാജേന്ദ്രൻ (ജാമ്യക്കാരൻ) 7. ശ്രീ. കെ. രാജകൃഷ്ണൻ (ജാമ്യക്കാരൻ) 8.മിസ്. ശ്രീമ മുദ്രിക (അന്തരിച്ച കെ. എൻ ശിവകുമാറിന്റെ നിയമപരമായ അവകാശി) 9.മിസ്. ശ്രുതി മുദ്രിക (അന്തരിച്ച കെ. എൻ ശിവകുമാറിന്റെ നിയമപരമായ അവകാശി) 10. ശ്രീമതി. സിന്ധി മുദ്രിക (അന്തരിച്ച കെ എൻ ശിവകുമാറിന്റെ നിയമപരമായ അവകാശി) 11. ശ്രീ. മുരളി പാർത്ഥസാരഥി (അന്തരിച്ച ശ്രീ. കെ.എൻ. പാർത്ഥസാരഥിയുടെ നിയമപരമായ അവകാശി) മുടക്കത്തെ 12. ശ്രീമതി. രേല പാർത്ഥസാരഥി (അന്തരിച്ച ശ്രീ. കെ.എൻ. പാർത്ഥസാരഥിയുടെ നിയമപരമായ അവകാശി)
സർഫാസി നോട്ടീസ് 01.06.2021 അറിവിച്ച് പ്രകാരമുള്ള കുടിശ്ശിക തുക	രൂപ. 37,69,94,523.20/- (മുപ്പത്തിയേഴു കോടി അറുപത്തൊമ്പത് ലക്